CYAN MAGENTA YELLOW BLACK



# ജോസ് കെ.മാണി വിജയത്തതിന്റെ പടികളിൽ



**ആരോടും പറയരുത്. എല്ലാ വോട്ടും ഇത്തവണ രണ്ടിലയ്ക്കാണ്:** വോട്ടു ചെയ്യാൻ ക്യൂ നില്ക്കുന്ന സന്യാസിനീ സഹോദരിമാർ



ജോസ് കെ.മാണിയും നിഷയും പോളിംഗ് ബൂത്തിലേക്ക്



പ്രചാരണ സമാപനം – ഒരു ദൃശ്യം



മഹാത്മജിയുടെ വഴി നമ്മുടെയും



**ഊഴം കാത്ത്:** ജോസ് കെ.മാണി ക്യൂവിൽ




**ഇത്തവണ നൂറുമേനി വിളവ്:** കേരളാ കോൺഗ്രസ് ലീഡർ കെ.എം.മാണി മാധ്യമങ്ങളോട്



രാഷ്ട്രപിതാവിന്റെ അനുഗ്രഹം തേടി



വിജയം പടിവാതില്ക്കൽ

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK



ചരിത്രം

ഡോ. എ.പി.ഇബ്രാഹിംകുഞ്ഞ്

# മൈസൂറിന്റെ ശക്തിയും മലബാറിന്റെ പ്രാധാന്യവും

1

**മൈസൂറിന്റെ ഭരണകാലത്ത് (1766–92) ഉണ്ടായ പ്രക്ഷോഭങ്ങൾ വിദേശികൾക്കെതിരായ ജനങ്ങളുടെ നീക്കമാണെന്ന് പല എഴുത്തുകാരും തെറ്റിധരിപ്പിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ ലഹള വളരെ ചെറുതായിരുന്നു, അധികമെങ്ങും വ്യാപിച്ചുമില്ല. തലശ്ശേരിയിലെ ഇംഗ്ലീഷ് മേധാവികളുടെ ഗൂഢതന്ത്രമായിരുന്നു ആ പ്രക്ഷോഭങ്ങൾക്കു കാരണം. അവർ പ്രാദേശിക രാജാക്കന്മാർക്കും പ്രമുഖർക്കും മൈസൂറിനെതിരായി കലാപമുണ്ടാക്കാൻ പണവും ആയുധങ്ങളും നല്കി. മലബാറിന്റെ തന്ത്രപ്രാധാന്യമോർത്തായിരുന്നു അത്.**



റോബർട്ട് ക്ലൈവ്

ഹൈദറിനെയും ടിപ്പുവിനെയും പോലെ ചില ഇന്ത്യൻ ഭരണാധികാരികൾ അപകീർത്തിക്കപ്പെടുകയും തെറ്റായി അവതരിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രത്യേകിച്ച് ടിപ്പുവിനെ "ഒരു ഭീകരനായും, ശുദ്ധനും പാവവുമായും" ആയി ചിത്രീകരിച്ചിരിക്കുന്നു. രണ്ടു ഭരണാധികാരികളുടെയും നയങ്ങളും പ്രവർത്തനങ്ങളും, പ്രത്യേ



ടിപ്പു സുൽത്താൻ

കിച്ച് മലബാറിലെ അവരുടെ ഭരണം ക്രൂരമായ ആക്രമണത്തിനു ലക്ഷ്യം വച്ചുള്ളതായിരുന്നു. അവരുടെ നയങ്ങളെയും പ്രവർത്തനങ്ങളെയും പറ്റി ശ്രദ്ധയോടു കൂടി പഠിച്ചാൽ ഈ ആരോപണങ്ങളിൽ പലതും മനസ്സിലാകും.

മൈസൂറിന്റെ ഭരണകാലത്ത് (1766–92) ഉണ്ടായ പ്രക്ഷോഭങ്ങൾ വിദേശികൾക്കെതിരായ ജനങ്ങളുടെ നീക്കമാണെന്ന് പല എഴുത്തുകാരും തെറ്റിധരിപ്പിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ ലഹള വളരെ ചെറുതായിരുന്നു, അധികമെങ്ങും വ്യാപിച്ചുമില്ല. തലശ്ശേരിയിലെ ഇംഗ്ലീഷ് മേധാവികളുടെ ഗൂഢതന്ത്രമായിരുന്നു ആ പ്രക്ഷോഭങ്ങൾക്കു കാരണം. അവർ പ്രാദേശിക രാജാക്കന്മാർക്കും പ്രമുഖർക്കും മൈസൂറിനെതിരായി കലാപമുണ്ടാക്കാൻ പണവും ആയുധങ്ങളും നല്കി. മലബാറിന്റെ തന്ത്രപ്രാധാന്യമോർത്തായിരുന്നു അത്.



തോമസ് മൺറോ

മൂന്നാം ബ്രിട്ടീഷ് – മൈസൂർ യുദ്ധകാലത്ത്, മലബാർ കൈവശപ്പെടുത്തേണ്ട ആവശ്യത്തെപറ്റി ബോംബെ ഗവൺമെണ്ട്, ജനറൽ ആബർ ക്രോംബയെ ഓർമിപ്പിച്ചതിങ്ങനെയാണ്, "ഗോവ മുതൽ കൊച്ചി വരെ, കടൽത്തീരം മുതൽ പർവതപ്രദേശം വരെയുള്ള ഭൂപ്രദേശം ഉൾക്കൊള്ളുന്ന ഒരു രാജ്യം, ചുറ്റുപാടുകൾ, ഉത്പന്നങ്ങൾ, റവന്യൂ, സമ്പത്ത് തുടങ്ങി എല്ലാതരത്തിലും വിലപ്പെട്ടതാണ്. പർവതപ്രദേശത്തേക്കുള്ള വഴികൾ വലയം ചെയ്താൽ ഒരു ചെറുകൂട്ടം പട്ടാളക്കാരെ ചെറുത്തുതോല്പിച്ച് നമ്മുടെ വകയായ തുറമുഖങ്ങൾ, ഫ്രഞ്ചുകാരും മറ്റു യൂറോപ്യൻ രാജ്യക്കാരുമായുള്ള ടിപ്പുവിന്റെ എല്ലാ ആശയവിനിമയ മാർഗങ്ങളും വിച്ഛേദിച്ച്-അവരാണ് ടിപ്പുവിന് ആയുധങ്ങൾ നല്കുന്നത്-ഫലപ്രദമായി അദ്ദേഹത്തെ പുറന്തള്ളി ഭാവിയിലെ വളരെ പ്രധാനപ്പെട്ട യുദ്ധത്തിനു തയ്യാറാകുക." മൈസൂറിന്റെ മേലുണ്ടായ വിജയം മലബാർ കൈവശപ്പെടുത്താനുള്ള ആദ്യ നടപടിയായിരുന്നു.

എല്ലാ ഇംഗ്ലീഷ് രാജ്യതന്ത്രജ്ഞരുടെയും ജനറലിന്റെയും കണ്ണ് മലബാറിന്റെ മേലായിരുന്നു. മൈസൂറിലെ മറ്റ് ആക്രമണങ്ങൾക്കുള്ള ചവിട്ടുപടിയായി മലബാർ മാറി. തുടർന്ന് ദക്ഷിണേന്ത്യയിലെ മറ്റു രാജ്യങ്ങളും. ഗവർണർ ജനറൽ കോൺവാലീസ് പ്രഭു ശ്രീരംഗപട്ടണത്തെ ക്യാമ്പിനു മുമ്പായി 1792 മാർച്ച് 18ന് കൺട്രോൾ ബോർഡ് പ്രസിഡണ്ടായ ഹെൻട്രി ഹുണ്ടാസിനെഴുതി, "മലബാർ തീരം പിടിച്ചെടുക്കാൻ നമ്മുടെ ഏതു ശത്രുവിനും കടൽ വഴി അവിടെ എത്തിപ്പെടാൻ കഴിയാത്തവിധത്തിലാകും, വടക്കെ അതിർത്തി ഒഴിച്ച്. നമ്മുടെ കീഴിലുള്ള കുടകുമാർഗവും പാലക്കാടു മാർഗവും സുരക്ഷിതമാക്കിയാൽ ടിപ്പുവിന്റെ ശല്യം തീരും. ആ ഭാഗത്തെ രാജാക്കന്മാർ സ്വതന്ത്രരല്ല, എന്നാൽ അവരിപ്പോൾ നമ്മുടെ പ്രജകളാണ്. അവരെ ബംഗാളിലെ സെമിന്ദാരികളുടെ രൂപത്തിലേക്കു മാറ്റാൻ കഴിഞ്ഞാൽ അവരുടെയും ജനങ്ങളുടെയും എതിർപ്പ് തടയാൻ കഴിയും. ആ രാജ്യത്തെ വരുമാനം കമ്പനിക്ക് വളരെയേറെ ഗുണകരവുമായിരിക്കും. റവന്യൂ വരുമാനം ചുരുങ്ങിയത് 25 ലക്ഷം രൂപ വരും. അതിനാൽ സാമ്പത്തികമായും അത് ബോംബെയ്ക്ക് വലിയ സഹായമായിരിക്കും."

ഉന്നത ഭരണാധികാരിയായിരുന്ന തോമസ് മൺറോയും മൈസൂറിന്റെ പതനം കാണാൻ ആഗ്രഹിച്ചിരുന്നു. 1798 സെപ്റ്റംബർ 21ന് മൺറോ തന്റെ പിതാവിനെഴുതി,

"നമ്മുടെ സർക്കാരിന്റെ യോജിപ്പും വലിയ പട്ടാളശക്തിയും പ്രാദേശിക രാജാക്കന്മാരുടെ മേൽ നമുക്ക് അധികാരം നല്കിയിരിക്കുന്നു. അതിനാൽ അവസരങ്ങൾ പാർത്തിരിക്കുന്നു, വലിയ ചെലവും അപകടവും കൂടാതെ നമ്മുടെ രാജ്യം വികസിപ്പിക്കാൻ. തീർച്ചയായും നമ്മുടെ ആദ്യശ്രദ്ധ പതിയേണ്ടത് ടിപ്പുവിന്റെ പൂർണ കീഴടങ്ങലിലാണ്. ശ്രീരംഗ പട്ടണത്തിന്റെ അധികാരികളായി കഴിഞ്ഞാൽ കൃഷ്ണാതീരത്തേയ്ക്കു വലിയബുദ്ധിമുട്ടുണ്ടാകില്ല, അയൽ സംസ്ഥാനങ്ങളിലെ യുദ്ധവും ലഹളകളും നമുക്കനുകൂലമായിത്തീരുമ്പോൾ.

ദക്ഷിണേന്ത്യയിൽ അധികാരം ഉറപ്പിക്കാനുള്ള വഴിയിൽ തടസ്സമായിരിക്കുന്നത് മൈസൂറാണെന്ന് ഇംഗ്ലീഷുകാർ നേരത്തെ മനസ്സിലാക്കിയിരുന്നു. വിപുലമായ സമ്പത്തും അസാധാരണമായ പട്ടാളശക്തിയും തങ്ങൾക്കുണ്ടെന്ന് ഹൈദറും ടിപ്പുവും ശത്രുക്കൾക്കെതിരായ യുദ്ധങ്ങളിൽ തെളിയിച്ചിരുന്നു. അക്കാര്യം അവരുടെ ശത്രുക്കൾ പോലും അംഗീകരിച്ചിട്ടുള്ളതാണ്. ഇന്ത്യയിലെ ഇംഗ്ലീഷ് ശക്തിയെ പട്ടാളശക്തികൊണ്ടു പ്രതിരോധിക്കാൻ കഴിയുന്ന ഒന്നാമത്തെ രാജ്യമാണു മൈസൂർ.

മദ്രാസുമായുള്ള ഉടമ്പടിക്കു ശേഷം (1769) സമാധാന ഉടമ്പടിക്കു നിയോഗിക്കപ്പെട്ടിരുന്ന ജോസിയാസ് ഡുപ്രി, റോബർട്ട് ഓർമിക്കെഴുതി, "ഞങ്ങൾ ഹൈദറുമായി സമാധാന ഉടമ്പടിയുണ്ടാക്കിയത് അദ്ദേഹത്തോടുള്ള ആദരവുകൊണ്ടല്ല. മറ്റു മാർഗമില്ലാത്തതുകൊണ്ടാണ്. അങ്ങനെയല്ലെങ്കിൽ കാര്യങ്ങൾ കൂടുതൽ വഷളായിത്തീരുമായിരുന്നു. ഈ രാജ്യത്തെ ഒരു ശത്രു നമ്മുടെമേൽ വിജയം കൈവരിച്ചത് ഇതാദ്യമാണ്. യുദ്ധം തുടരുന്നതിനെക്കാൾ ഈ ഉടമ്പടിയാണ് കമ്പനിക്ക് ഗുണകരമെന്ന് എനിക്ക് നന്നായിട്ടറിയാമായിരുന്നു. എന്നിരുന്നാലും എന്റെ സഹനം ചെറുതല്ല. ഈ ശാപത്തിൽ പങ്കുകൊള്ളാൻ, ഈ സമയത്ത് ഇന്ത്യയിൽ വന്നുചേർന്ന ഞാൻ ഒരു നിർഭാഗ്യവാനാണെന്ന് ചിന്തിക്കാതിരിക്കാൻ എനിക്കു കഴിയുന്നില്ല."

> **മദ്രാസുമായുള്ള ഉടമ്പടിക്കു ശേഷം (1769) സമാധാന ഉടമ്പടിക്കു നിയോഗിക്കപ്പെട്ടിരുന്ന ജോസിയാസ് ഡുപ്രി, റോബർട്ട് ഓർമിക്കെഴുതി, "ഞങ്ങൾ ഹൈദറുമായി സമാധാന ഉടമ്പടിയുണ്ടാക്കിയത് അദ്ദേഹത്തോടുള്ള ആദരവുകൊണ്ടല്ല. മറ്റു മാർഗമില്ലാത്തതുകൊണ്ടാണ്. അങ്ങനെയല്ലെങ്കിൽ കാര്യങ്ങൾ കൂടുതൽ വഷളായിത്തീരുമായിരുന്നു. ഈ രാജ്യത്തെ ഒരു ശത്രു നമ്മുടെമേൽ വിജയം കൈവരിച്ചത് ഇതാദ്യമാണ്. യുദ്ധം തുടരുന്നതിനെക്കാൾ ഈ ഉടമ്പടിയാണ് കമ്പനിക്ക് ഗുണകരമെന്ന് എനിക്ക് നന്നായിട്ടറിയാമായിരുന്നു. എന്നിരുന്നാലും എന്റെ സഹനം ചെറുതല്ല. ഈ ശാപത്തിൽ പങ്കുകൊള്ളാൻ, ഈ സമയത്ത് ഇന്ത്യയിൽ വന്നുചേർന്ന ഞാൻ ഒരു നിർഭാഗ്യവാനാണെന്ന് ചിന്തിക്കാതിരിക്കാൻ എനിക്കു കഴിയുന്നില്ല."**

1780 നവംബറിൽ ഗ്രാൻഡഫ്, ഷീബേണിനെഴുതി, "ലോറൻസിന്റെയോ ക്ലൈവിന്റെയോ കീഴിലുള്ള പട്ടാളത്തെക്കാൾ അധികം മുന്തിയതല്ലാത്ത ഒരു ഇംഗ്ലീഷ് പട്ടാളം ഇരുപത്തഞ്ചു വർഷം മുമ്പ് അവരുടെ വിജയം കണ്ട് ഹിന്ദുസ്ഥാൻ ഞെട്ടിപ്പോയി. ഇന്ത്യൻ ശത്രുക്കളിൽ നിന്ന് ലഭിച്ച ആദ്യത്തെ തിരിച്ചടിയാണിത്."

*(തുടരും)*

CYAN MAGENTA YELLOW BLACK

# നാരദൻ പതിമൂന്നാം പേജ്

## കൊള്ളുന്ന ചെരുപ്പുകൾ




**ചെ**രുപ്പേറു തുടരുകയാണ്. ഏറ്റവും പുതിയ ഇര അഡ്വാനിജിയാണ്. എറിഞ്ഞവൻ പാർട്ടിക്കാരൻ തന്നെ–മധ്യപ്രദേശിലെ ബിജെപിയുടെ യുവജനസംഘടനയായ യുവമോർച്ചയുടെ കട്നി ജില്ലാ കമ്മിറ്റി മുൻ പ്രസിഡണ്ട് പവാസ് അഗർവാൾ. അദ്ദേഹത്തെ പ്രസിഡണ്ടു സ്ഥാനത്തുനിന്നു നീക്കിയതാണു പ്രതിഷേധത്തിനു കാരണം.

ഏറ് നേതാവിന്റെ ദേഹത്തു തട്ടിയില്ലെന്നാണു പത്രറിപ്പോർട്ട്. തന്ത്രപൂർവം കുനിഞ്ഞതുകൊണ്ട് മുൻ അമേരിക്കൻ പ്രസിഡണ്ട് ബുഷും മുമ്പ് ഏറു കൊള്ളാതെ പിടിച്ചുനിന്നു. കൊണ്ടോ കൊണ്ടില്ലയോ എന്നതല്ല ഇവിടെ പ്രധാനം, എറിഞ്ഞോ എന്നതാണ്. ഈ രീതിയിലാണു കാര്യങ്ങൾ മുന്നോട്ടു പോകുന്നതെങ്കിൽ ഭാവിയിൽ ചെരുപ്പു വ്യവസായം വല്ലാതെ തഴയ്ക്കാനാണു വഴി. ആഭ്യന്തര മന്ത്രി ചിദംബരത്തിനും കുരുക്ഷേത്രയിലെ കോൺഗ്രസ് സ്ഥാനാർത്ഥി നവീൻ ജിൻഡാലിനും കിട്ടിയ ചെരുപ്പേറുകൾ അനുസ്മരിക്കുക.

പാദരക്ഷ എന്ന നിലയിൽ ചെരുപ്പിനെ നിരോധിക്കുക പ്രായോഗികമല്ല. ഏറ് എവിടെ നിന്നും വരാം. അച്ഛന്റെ മെതിയടിയാണ് താൻ അഡ്വാനിക്കുനേരെ എറിഞ്ഞതെന്നാണ് അഗർവാൾ പറഞ്ഞിരിക്കുന്നത്. അതു കടുപ്പമായിപ്പോയി. എന്താണതിന്റെയൊരു ഭാരം!

ഒന്നാലോചിച്ചാൽ ചെരുപ്പേറിന്റെ ലക്ഷ്യം വെറും പ്രതിഷേധം മാത്രമാണ്. ചെരുപ്പിന്റെ കനം ഒരു വിഷയമേയല്ല. ഏറുകൊള്ളണമെന്നുമില്ല. പരിസരത്തുചെന്നു വീണാൽ മാത്രം മതി. കൊണ്ടാൽ കുറച്ചുകേമം എന്നു മാത്രം.

ഇനി മറ്റൊരു കാര്യമുള്ളത് നമ്മുടെ നേതാക്കന്മാർ കുറെക്കഴിഞ്ഞാൽ ഇതിനോടു പൊരുത്തപ്പെടുമെന്നുള്ളതാണ്. എന്നുതന്നെയല്ല, കരിങ്കൊടി കണ്ടുമടുത്തവർ പുതിയ സമരമുറയെ ഉള്ളാലേ സ്വാഗതം ചെയ്യാനും വഴിയുണ്ട്. പാർട്ടിക്കാർ തന്നെ സ്വന്തം നേതാവിനെ എറിഞ്ഞുതുടങ്ങിയ സ്ഥിതിക്ക് പാർട്ടിതന്നെ ഇക്കാര്യത്തിൽ ഒരു പ്രായോഗിക സമീപനം കൈക്കൊള്ളുന്നത് നന്നായിരിക്കുമെന്നു തോന്നുന്നു.

ചെറിയ കനം കുറഞ്ഞ ചെരുപ്പുകൾ ഏറിന്റെ ആവശ്യത്തിലേക്കായി പാർട്ടിച്ചെലവിൽ നിർമിച്ച് പാർട്ടി ആഫീസിൽ സൂക്ഷിക്കുക. നാമമാത്ര തുകയ്ക്ക് ആവശ്യക്കാർക്ക് ഇവ നല്കാം. ഏതു പാർട്ടിക്കാരനും ഏതു പാർട്ടി ആഫീസിൽനിന്നും ചെരുപ്പുകൾ വാങ്ങാൻ കഴിയണം. എറിഞ്ഞ ചെരുപ്പുകൾ വേദിയിൽനിന്നോ സമ്മേളനസ്ഥലത്തുനിന്നോ വീണ്ടും ശേഖരിച്ച് പാർട്ടി ആഫീസിൽ സൂക്ഷിക്കുന്നു; പള്ളിയിൽനിന്നു പട്ടുവാങ്ങി മൃതദേഹത്തിലിട്ടു വീണ്ടും അവ പള്ളിയിലേക്കെടുക്കുംപോലെ. എന്താ?

എന്തെങ്കിലും പ്രതിഷേധമുണ്ടായാൽ ആർക്കും ആരെയും മാന്യമായി ചെരുപ്പുകൊണ്ടെറിയാൻ കഴിയുന്ന ഒരു നല്ല കാലം! ⓿

## വോട്ടുചെയ്യാത്ത വിദ്വാൻ!



**ആ**രൊക്കെ വോട്ടു ചെയ്തുവെന്ന് ഇനി തിരക്കിയിട്ടു കാര്യമില്ലെന്നറിയാം. എങ്കിലും മഹാനായ അഴീക്കോടു മാഷ് വോട്ടു ചെയ്തില്ലെന്ന് കേട്ടിട്ടൊരു വിഷമം.

അദ്ദേഹവും നമ്മളുമൊക്കെ കൂടിയാണല്ലോ ഈ ജനാധിപത്യസംവിധാനത്തെ താങ്ങിനിർത്തുന്നത്. ആ നിലയ്ക്ക് നമ്മെ വോട്ടുചെയ്യാനയച്ചിട്ട് അങ്ങേര് വീട്ടിലിരുന്നത് ശരിയായില്ല.

തന്റെ വോട്ടുകൊണ്ട് ആരും ജയിക്കാനും തോല്ക്കാനും പോകുന്നില്ലെന്നാണ് ആരോ ചോദിച്ചപ്പോൾ അദ്ദേഹം മറുപടി പറഞ്ഞത്. മറുപടിയും കേമമായി. ഇങ്ങേരു തന്നെയല്ലേ നമ്മുടെ പാവം വടക്കൻജി തൃശൂരെങ്ങാണ്ടു മത്സരിക്കാനാഞ്ഞപ്പോൾ മലയാളമറിയില്ലെന്നു പറഞ്ഞ് ഓടിച്ചു വിട്ടത്? വോട്ടിംഗിൽ താത്പര്യമില്ലാതിരുന്ന വിദ്വാൻ ഇതിനൊക്കെ മിനക്കെടണമായിരുന്നോ? ആരൊക്കെ എവിടൊക്കെ മത്സരിച്ചാലെന്ത്, ജയിച്ചാലെന്ത്, തോറ്റാലെന്ത്!

പണ്ടൊരു തിരഞ്ഞെടുപ്പിൽ മത്സരിച്ചു തോറ്റതേ മാഷ് ഇതൊക്കെ മടുത്തതാണ്. പിന്നെ വല്ലതുമൊക്കെ പറഞ്ഞോണ്ടിരുന്നില്ലെങ്കിൽ നാവിന്റെ ചൊറിച്ചിൽ മാറില്ല. അത് ജനാധിപത്യ പ്രക്രിയയിലുള്ള ഇടപെടലായി ആരും തെറ്റിദ്ധരിക്കരുത്.

എന്തും പറയണമെങ്കിൽ ഇടതുവശത്തിരിക്കുന്നതാണു സുഖം. അതുകൊണ്ട് അവിടെയങ്ങനെ ചാരിക്കിടന്നുവെന്നു മാത്രം. വോട്ടു ചെയ്യാനൊന്നും സൗകര്യപ്പെടില്ല. അതിനു വേറെ ആളെ നോക്കണം. പിന്നെ നിങ്ങൾക്ക് കേൾക്കാനിഷ്ടമാണെങ്കിൽ വണ്ടിക്കൂലി കൊടുത്തു വിളിച്ചുകൊണ്ടുപോയാൽ അദ്ദേഹം നല്ലതു പറഞ്ഞുകേൾപ്പിക്കും.

പള്ളിയിൽ കേറാതെ പള്ളിക്കാരെ ഉപദേശിക്കുംപോൽ വോട്ടു ചെയ്യാത്ത അഴീക്കോട് രാഷ്ട്രീയോപദേശങ്ങൾ തുടർന്നും നല്കും. പിണറായി വിജയനും വേണ്ടത് അഴീക്കോടിന്റെ വോട്ടല്ല, നാക്കാണല്ലോ! ⓿

# മൊഴിയും മറുമൊഴിയും

### ചാണക്യൻ

മുസ്ലീം വിരുദ്ധപ്രസംഗം സത്യമാണെന്നു തെളിഞ്ഞാലും വരുൺഗാന്ധിയെ പാർട്ടി തള്ളിപ്പറയില്ലെന്നു ബിജെപി നേതാവ് അഡ്വാനി.

- **ഭാഗ്യം; വലിയൊരപകടം ഒഴിവായി.**

* * * * *

ഇടതുപക്ഷത്തെ എഴുതിതോല്പിക്കാമെന്നു മാധ്യമങ്ങൾ കരുതേണ്ടെന്നു സിപിഎം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ.

- **പേനയിലെ മഷിയെക്കാൾ വായിലെ വെള്ളത്തിനാണല്ലോ ചെലവു കുറവ്.**

* * * * *

സിപിഎമ്മിന്റെ പണംകൊണ്ടു സിപിഐ കോൺക്രീറ്റു പാലമിട്ടു

*– കോട്ടയം വാർത്ത*

- **രണ്ടത്താണിയും മൂന്നത്താണിയുമൊന്നും വേണ്ടെന്നു പറഞ്ഞുനടന്നവരു കാണിക്കുന്ന കാട്ടായം നോക്കണേ!**

* * * * *

വിദ്യാർത്ഥികളിൽനിന്നു പിരിച്ച തുകയും ഉച്ചക്കഞ്ഞിഫണ്ടും ഉപയോഗിച്ചു വിദ്യാഭ്യാസവകുപ്പ് കെട്ടിടങ്ങൾ പടുത്തുയർത്തുന്നു

*– പത്രവാർത്ത*

- **ന്യൂനപക്ഷങ്ങൾ പിടിയരി പിരിച്ചു പള്ളിക്കൂടം പണിതെന്നു കേട്ടിട്ടുണ്ട്. ഇവിടെ ഉച്ചക്കഞ്ഞിഫണ്ടാവട്ടേയെന്നു വച്ചു.**

* * * * *

കേരളപോലീസ് തന്നെ അറസ്റ്റുചെയ്യില്ലെന്നും അവർ ചങ്കൂറ്റമുള്ളവരാണെന്നും പിഡിപി ചെയർമാൻ അബ്ദുൾ നാസർ മദനി.

- **എന്നാലും വല്ല 'ഏഴാംകൂലി'കളും ഇക്കൂട്ടത്തിൽ കാണുമോ മദനിസാറേ?**

* * * * *

ജനതാദൾ നേതാവ് എം.പി.വീരേന്ദ്രകുമാർ എൽഡിഎഫ് വിട്ടതോടെ ഇടതുമുന്നണിയുടെ പകിട്ടു വർധിച്ചതായി പിഡിപി വർക്കിംഗ് ചെയർമാൻ പൂന്തുറ സിറാജ്.

- **സിറാജ് നല്ലൊരു ഹാസ്യസാഹിത്യകാരൻ കൂടിയാണെന്ന് വാസ്തവത്തിൽ ഇപ്പോഴാണ് മനസ്സിലായത്.**

* * * * *

കോൺഗ്രസിനെ പിന്തുണയ്ക്കുന്ന നയവുമായി മുന്നോട്ടു പോയാൽ സിപിഎമ്മിനു സിപിഐയുടെ ഗതിവരുമെന്ന് പ്രതിപക്ഷനേതാവ് എൽ.കെ.അഡ്വാനി.

- **എന്നു പറഞ്ഞാൽ പ്രകാശ് കാരാട്ട് ഭാവിയിൽ ഒരു കെ.ഇ.ഇസ്മയിലായിത്തീരാമെന്നർത്ഥം.**

* * * * *

എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശന്റെ മകനും യോഗം സെക്രട്ടറിയുമായ തുഷാർ വെള്ളാപ്പള്ളി ഉൾപ്പെടെ വെള്ളാപ്പള്ളിയുടെ മക്കൾക്കും മരുമക്കൾക്കും വോട്ടുചെയ്യാനായില്ല.

*– പത്രറിപ്പോർട്ട്*

- **സമ്മതിച്ചു, അച്ഛൻ തന്നെ യോഗ്യൻ.**

* * * * *

CYAN MAGENTA YELLOW BLACK

**ചുവരെഴുത്തുകൾ**

ശ്വേതകേതു

# നേരിൽ പഠിച്ച് നേരെ മറക്കുന്ന പാഠങ്ങൾ

അശാന്തമായ കാര്യവിചാരങ്ങളും അപൂർവ വിവാദങ്ങളും പെറുക്കികൂട്ടി മന:സാക്ഷിക്കു മുന്നിൽ വിസ്തരിച്ച് ഉത്തരം മുട്ടിയ ചഞ്ചലചിത്തനെന്നോ, തലയ്ക്കുമീതെ തൂങ്ങുന്ന പ്രശ്നപ്രതിസന്ധികളുടെ തലനാരിഴകീറുന്ന പ്രതിയോഗിയെന്നോ വിവക്ഷിക്കാതെ, സമ്യക്കായ തീർപ്പുതീരുമാനം തരുന്ന യഥാർത്ഥ പ്രതിപുരുഷൻ ആരെന്ന് നിരീക്ഷിക്കുകയാണ് വർത്തമാനകാലത്തെ ഉത്തരവാദിത്വമുള്ള സമ്മതിദായകൻ. ഭൂതകാലത്തിലെ വിനീത വിധേയനായ കേവലപൗരനെന്ന അവകാശത്തിനപ്പുറം മൗലികമായ പൗരാവകാശ വിനിയോഗത്തിന്റെ കരുത്ത് തിരിച്ചറിയുന്നു കർമയോഗി. മാറി മറിഞ്ഞു വരുന്ന രാഷ്ട്രീയ കമ്മീസുകളോട് അവർ ചോദിക്കുകയായിരുന്നു നിർഭയമായി ചിലതെല്ലാം.

അധികാരത്തിന്റെ ആർഭാടങ്ങളും അത്താഴവിരുന്നും അല്പസ്വല്പം വിനോദസഞ്ചാരവുമായി നാടിന്റെ ക്ഷേമകാര്യം മറന്ന് മൂന്നുവർഷം പൂർത്തിയാക്കിയവർക്ക് ചോദ്യങ്ങളോട് പ്രതികരിച്ച് സമർത്ഥമായി ഉത്തരം പറയാൻ കഴിഞ്ഞില്ല. അച്ചടിച്ചു വിതരണം ചെയ്ത ഇക്കാണുന്ന പ്രസ്താവനകളും പ്രകടനപത്രികയിലെ നക്ഷത്രചിഹ്നങ്ങളും 'വെറും നമ്പരല്ലേ' എന്നാരായുകയായിരുന്നിരിക്കണം നല്ലവനായ സമ്മതിദായകൻ, ചൂണ്ടുവിരലിൽ മഷിപ്പൊട്ടുവീഴും മുമ്പേ!

ജനപ്രതിനിധിയാവാനുള്ള കുറഞ്ഞ യോഗ്യതയെന്തെന്ന് നിർണയിക്കപ്പെട്ടിട്ടില്ലെങ്കിലും നൈതികമായ ആരായലുകൾക്ക് നിവൃത്തിയുണ്ടാക്കാനാവുമോ തങ്ങളുടെ പ്രതിനിധികൾക്ക് എന്നൊരു അന്വേഷണമായിരുന്നു മുഖ്യം. വാർത്താമാധ്യമങ്ങളും സാമൂഹ്യ-സാംസ്കാരിക സംഘടനകളും ചേർന്ന് സജ്ജമാക്കിയ നാട്ടുകൂട്ടങ്ങൾ ജീവൻ നല്കിയ ചർച്ചകൾ വർത്തമാനകാല രാഷ്ട്രീയം സാധാരണക്കാരനെ തടങ്കൽ പാളയത്തിലെത്തിക്കില്ലേയെന്നും സംശയിക്കുന്നു.

കേരളത്തിന്റെ നീക്കിയിരുപ്പുകളിൽ ഞങ്ങളുടെ ചോരയും വിയർപ്പും പതിഞ്ഞിട്ടുണ്ടെന്നഭിമാനിക്കുന്ന വിപ്ലവപ്രസ്ഥാനങ്ങൾ ഇതുവരെ മുറുകെ പിടിച്ചിരുന്ന ആദർശങ്ങളും മാമൂലുകളും വഴിയിലെറിഞ്ഞ്, തീവ്രവാദരാഷ്ട്രീയത്തിന്റെ പ്രജാപതികളെ മാറോടണയ്ക്കുകയാണ്; ഏതു വിധേനയും പാർലമെണ്ടിലെത്താൻ. ഇത്തരത്തിൽ അസാധാരണ ചങ്കൂറ്റത്തിന് വഴിവച്ച വികല്പമെന്തായാലും അതിനോടു പൊരുത്തപ്പെടാനാവാത്ത അക്ഷമയാണ് മുന്നിലെത്തുന്ന സ്ഥാനാർത്ഥിയെ ചോദ്യമെറിഞ്ഞു റാഗ് ചെയ്യാൻ നിഷ്പക്ഷ സമ്മതിദായകരെ പ്രേരിപ്പിച്ചതും.

ഇവിടെല്ലാം നീന്തിത്തുടിച്ചത് ആൾക്കൂട്ടത്തിന്റെ രാഷ്ട്രീയവും പ്രത്യയശാസ്ത്രവുമായിരുന്നില്ല. മറിച്ച് ജനവിധിയുടെ ഭാഗ്യനക്ഷത്രം അടുത്ത അഞ്ചുവർഷം നമുക്കുവേണ്ടി നെഞ്ചേറ്റുന്നവരുടെ തിരുമുഖത്തുനിന്നറിയേണ്ടത് ജനകീയ വിചാരണയിലൂടെ മറയില്ലാതെ പുറത്തുവരികയായിരുന്നു. കുടത്തിലൊളിപ്പിക്കേണ്ടതല്ല വിവരാവകാശവും പൗരന്റെ ജിജ്ഞാസയുമെന്ന് നമ്മുടെ ജനാധിപത്യം തിരിച്ചറിയുകയായിരുന്നു, ആൾക്കൂട്ടത്തിന്റെ മഹാസാന്നിധ്യത്തിലൂടെ.

മുൻവിധികളിലൂടെ അപഥസഞ്ചാരികളാവാൻ തയ്യാറില്ലാത്ത ഇന്നത്തെ സമ്മതിദായകൻ അതിസങ്കീർണമായ കാലത്തിന്റെ പ്രതിധ്വനി ശ്രവിച്ചുകൊണ്ടുതന്നെയാണ് അവകാശത്തിന്റെ വിരലമർത്തുന്നത്. ഉന്മാദിയായ അരാഷ്ട്രീയക്കാരന്റെ വീരവാദങ്ങളുടെയും അക്രമത്തിലൂടെ സ്വർഗാരോഹണം ക്ഷിപ്രസാദ്ധ്യമെന്നറിഞ്ഞവരുടെയും വീരചരമം ആഘോഷിച്ചത് സാങ്കേതിക വിദ്യയായിരുന്നു. കാലം ഏറ്റുചൊല്ലാതെപോയ കാപട്യത്തിന്റെ നിലത്തെഴുത്തു ശീലിപ്പിച്ച് വഴിപിഴപ്പിച്ചതിനുള്ള ശിക്ഷ!




**കേരളത്തിന്റെ നീക്കിയിരുപ്പുകളിൽ ഞങ്ങളുടെ ചോരയും വിയർപ്പും പതിഞ്ഞിട്ടുണ്ടെന്നഭിമാനിക്കുന്ന വിപ്ലവപ്രസ്ഥാനങ്ങൾ ഇതുവരെ മുറുകെ പിടിച്ചിരുന്ന ആദർശങ്ങളും മാമൂലുകളും വഴിയിലെറിഞ്ഞ്, തീവ്രവാദരാഷ്ട്രീയത്തിന്റെ പ്രജാപതികളെ മാറോടണയ്ക്കുകയാണ്; ഏതു വിധേനയും പാർലമെണ്ടിലെത്താൻ. ഇത്തരത്തിൽ അസാധാരണ ചങ്കൂറ്റത്തിന് വഴിവെച്ച വികല്പമെന്തായാലും അതിനോടു പൊരുത്തപ്പെടാനാവാത്ത അക്ഷമയാണ് മുന്നിലെത്തുന്ന സ്ഥാനാർത്ഥിയെ ചോദ്യമെറിഞ്ഞു റാഗ് ചെയ്യാൻ നിഷ്പക്ഷ സമ്മതിദായകരെ പ്രേരിപ്പിച്ചതും.**

ബാലറ്റിലൂടെ ദീപ്തമാവുന്ന ജനാധിപത്യത്തിന്റെ തേജസ് നഷ്ടപ്പെടാത്തതുകൊണ്ടാണ് ഒരു കോ-ഓപ്പറേറ്റീവ് ഫെഡറൽ സഖ്യത്തെ മുൻനിർത്തി വോട്ടു ചോദിക്കാൻ സിപിഎം ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ടിനുപോലും കഴിയുന്നത്. ബാലറ്റിന്റെ കരുത്ത് ചോരാത്തതിനാലല്ലേ പ്രതിരോധത്തിന്റെയും കരകൗശലത്തിന്റെയും സ്വാദ്ധ്യായം ബോംബുനിർമാണവും പ്രയോഗവുമെന്നു ധരിച്ചുവശായ തീവ്രവാദരാഷ്ട്രീയത്തെ ഇടതുപക്ഷത്തിന് കേരളത്തിൽ കെട്ടിയെഴുന്നെള്ളിക്കാനാവുന്നതും.

സക്കറിയ സൂചിപ്പിച്ച പോലെ നിസ്സഹായനും, നിഷ്ഠൂരമായ രാഷ്ട്രീയാധിനിവേശത്തിന്റെ അടിമയുമായ ഇന്ത്യൻ പൗരന്റെ ഏക ആയുധവും ആശ്രയവുമല്ലേ വോട്ട്? അതു വാങ്ങുന്നവർ നമ്മുടെ വിശ്വാസത്തിന്റെ കാവലാളും ജനാധിപത്യത്തിന്റെ സംരക്ഷകരുമായിരിക്കുമെന്നതിന് രണ്ടുപക്ഷമില്ല. വീട്ടാവശ്യങ്ങൾ മാറ്റിവെച്ചും ഒരു ദിവസത്തെ കൂലി കളഞ്ഞും ജനകീയ ജനാധിപത്യത്തെ സംരക്ഷിക്കാനിറങ്ങുന്ന സാധാരണക്കാരനായ സമ്മതിദായകൻ കെടുതികൾ കൊണ്ടു തിണ്ടാടുന്ന നാടിന്റെ ദുർഗതിയിൽ ആശങ്കപ്പെടുമ്പോൾ പാർട്ടിയുടെ അജണ്ടയേ തന്റെ മുന്നിലുള്ളൂവെന്ന് നിർലജ്ജം പറയുന്ന ജനപ്രതിനിധി ആരുടെ വിശ്വാസമാണ് സംരക്ഷിക്കുന്നത്?

തൊഴിലാളിവർഗ സർവാധിപത്യം പറയുന്ന വിപ്ലവപ്രസ്ഥാനങ്ങളുടെ നേതാക്കന്മാരോട് വൈകാരികമായി ഇഴയടുപ്പം കാണിച്ച്, അവരെ തോളിലേറ്റി വരവേല്ക്കാനും എതിരേല്ക്കാനും ഊണുറക്കമൊഴിച്ചു മുന്നിട്ടിറങ്ങിയവർ എന്തുകൊണ്ടാണ് പിന്തിരിഞ്ഞ് മുഖം പൂഴ്ത്തിയിരിക്കുന്നത്? വിപ്ലവാഭിവാദ്യങ്ങളേറ്റു വാങ്ങാൻ എത്തുന്നവർക്കുമുന്നിൽ അന്തിച്ചന്തയിലെ ആൾക്കൂട്ടം പോലുമില്ല.

തെരഞ്ഞെടുപ്പു പ്രചാരണാർത്ഥം പിണറായി വിജയനും അച്യുതാനന്ദനും പ്രകാശ് കാരാട്ടും യെച്ചൂരിയും എസ്.രാമചന്ദ്രൻപിള്ളയും നേരിട്ടത് ശ്രോതാക്കളുടെ അഭാവമായിരുന്നു. അഴിമതിയുടെ ഉഷ്ണക്കാറ്റേറ്റും വിഭാഗീയതയുടെ വിഷമുള്ളു തറച്ചും വാടിത്തളരാനായിരുന്നു വിപ്ലവപ്രസ്ഥാനത്തിന്റെ തലവിധി!

എസ്എൻസി ലാവ്‌ലിൻ, മെർക്കിസ്റ്റൺ, സാന്തിയാഗോ മാർട്ടിൻ, ലിസ് തുടങ്ങി ഫാരിസ് അബൂബക്കർ വരെ ഇഴഞ്ഞുനീന്തുകയായിരുന്നു, കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതാക്കൾ അണിനിരന്ന വേദികളിൽ. അഴിമതിയിലൂടെ നേടിയ അവിഹിതസ്വത്തു പങ്കിടുകയാണ് സിപിഎമ്മിന്റെ പ്രവൃത്തിയെന്ന് കേരളത്തിന്റെ മണ്ണിൽ നിന്നുകൊണ്ടാണ് യുപിഎ അധ്യക്ഷ സോണിയ ഗാന്ധി പറഞ്ഞത്. ഉന്നതനേതാവുപോലും അഴിമതിയിൽ മുങ്ങിത്താണിരിക്കുകയാണെന്നും, അധികാരത്തിലെത്തുമ്പോൾ അഴിമതിയും കൊലയും പ്രോത്സാഹിപ്പിക്കുകയാണ് അവരുടെ ദൗത്യമെന്നും സോണിയ ഗാന്ധി ഉരുവിട്ടപ്പോൾ ഒരു കോർണർ യോഗത്തിൽ നിന്നുപോലും സിപിഎം മറുപടിയുണ്ടായില്ല.

>> 16

CYAN MAGENTA YELLOW BLACK

അനുസ്മരണം

പ്രിൻസ് രാജ്

# മലയാളത്തെ സ്നേഹിച്ച വൈദേശികൻ
# ഡോ.ഹെർമൻ ഗുണ്ടർട്ട്
# (1814-1893)

മലയാളിക്ക് ലക്ഷണമൊത്തതും ഐക്യരൂപമുള്ളതുമായ മലയാളഭാഷ രൂപപ്പെടുത്തി നല്കുവാനായി ചരിത്രനിയോഗം ലഭിച്ച വൈദേശികനായ മിഷണറിയായിരുന്നു ഡോ.ഹെർമൻ ഗുണ്ടർട്ട്. ക്രിസ്തുമതത്തിന്റെ പ്രചാരണം ലക്ഷ്യമാക്കിയെത്തിയ അദ്ദേഹം, അക്ഷരാർത്ഥത്തിൽ മലയാളഭാഷയുടെ ഉദ്ധാരകനായി മാറി.

1814ൽ ജർമനിയിലെ സ്റ്റുട്ഗാർട്ടിലാണ് ഹെർമൻ ഗുണ്ടർട്ട് ജനിച്ചത്. ലുഡ്‌വിഗ് ഗുണ്ടർട്ട്, ക്രിസ്റ്റ്യാനെ എന്നിവരായിരുന്നു മാതാപിതാക്കൾ. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ഗുണ്ടർട്ട് വൈദികപഠനം പൂർത്തിയാക്കി. ഹീബ്രു, ഗ്രീക്ക്, ലാറ്റിൻ, ഫ്രഞ്ച്, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ അദ്ദേഹം പ്രാവീണ്യം നേടി. തുടർന്ന് തത്വശാസ്ത്രം, ഭാഷാശാസ്ത്രം എന്നിവയിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി.

1836ൽ ആണ് ഗുണ്ടർട്ട് ഇന്ത്യയിലേക്ക് യാത്രതിരിച്ചത്. യാത്രാ ലക്ഷ്യം ക്രിസ്തുമതത്തിന്റെയും ബൈബിളിന്റെയും പ്രചാരണം ആയിരുന്നു. 1836 ജൂൺ ഏഴിന് ചെന്നൈയിൽ അദ്ദേഹം കപ്പലിറങ്ങി. ഒരുമാസത്തിനുശേഷം ചെന്നൈയോട് വിടപറഞ്ഞ അദ്ദേഹം തിരുനെൽ വേലിയിലേക്കും തുടർന്ന് ആന്ധ്രാപ്രദേശിലെ ചിറ്റൂരിലേക്കും പോയി. ഈ കാലഘട്ടത്തിൽ ഗുണ്ടർട്ട് തമിഴ്ഭാഷ പരിജ്ഞാനം സ്വായത്തമാക്കിയിരുന്നു. 1838 ജൂലൈ 23ന് സ്വിറ്റ്സർലൻഡുകാരിയായ ജൂലിയയെ അദ്ദേഹം വിവാഹം കഴിച്ചു.



നവംബറിൽ മംഗലാപുരത്തെത്തിയ ഗുണ്ടർട്ട് അവിടം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ബാസൽ മിഷനിൽ അംഗമായി. മലബാറിലേക്ക് ബാസൽ മിഷന്റെ പ്രവർത്തനം വ്യാപിപ്പിക്കുകയായിരുന്നു ലക്ഷ്യം. തലശ്ശേരിയിൽ ജഡ്ജിയായിരുന്ന തോമസ് സ്ട്രെയ്ഞ്ച് നാട്ടിലേക്ക് മടങ്ങുന്നതിനാൽ അദ്ദേഹം തന്റെ പേരിൽ ഇല്ലിക്കുന്നിലുണ്ടായിരുന്ന കെട്ടിടവും സ്ഥലവും ബാസൽ മിഷന് ദാനമായി കൈമാറി. ഹെർമൻ ഗുണ്ടർട്ടിന്റെ പ്രവർത്തന കേന്ദ്രമായും മലയാള ഭാഷ, സാഹിത്യം, പത്രപ്രവർത്തനം, പ്രസാദനം എന്നിവയുടെ എല്ലാം ഈറ്റില്ലമായും പിന്നീട് ചരിത്രപ്രാധാന്യം നേടിയതും ഇവിടമാണ്. ഇവിടുത്തെ താമസക്കാലത്ത് അന്ന് നാട്ടിൽ നിലനിന്ന വിദ്യാഭ്യാസ സമ്പ്രദായത്തിൽ അടിമുടി മാറ്റം ഉണ്ടാകേണ്ടത് ആവശ്യമാണെന്ന് ഗുണ്ടർട്ടിനു ബോധ്യമായി.

സംസ്കൃത ഭാഷാ പഠനത്തിൽ മാത്രം ഒതുങ്ങിനിന്ന സ്കൂൾ വിദ്യാഭ്യാസം പുതുക്കിപ്പണിയേണ്ടതാണെന്ന് അദ്ദേഹം നിശ്ചയിച്ചു. ഇംഗ്ലീഷ് ഭാഷ, ഭൂമിശാസ്ത്രം, ചരിത്രം എന്നിവ ഉൾപ്പെടുത്തി അദ്ദേഹം കാലാകാലങ്ങളിലായി തുടർന്നു വന്ന വിദ്യാഭ്യാസക്രമത്തെ പുനക്രമീകരിച്ചു. മലയാളഭാഷയെ സംബന്ധിച്ചും വിദ്യാഭ്യാസമേഖലയെ സംബന്ധിച്ചും ഉള്ള മഹത്തരമായ ആദ്യ പുനരുദ്ധാരണ ദൗത്യം.

1843 നവംബറിൽ ഗുണ്ടർട്ട് കോട്ടയത്തെത്തി. ഇവിടെ ചർച്ച് മിഷൻ സൊസൈറ്റി (സിഎംഎസ്)യുടെ പ്രവർത്തനങ്ങൾക്ക് നെടുനായകത്വം വഹിച്ചുകൊണ്ടിരുന്ന ബെഞ്ചമിൻ ബെയ്‌ലിയുടെ പ്രവർത്തനവും സിഎംഎസ് പ്രസ്സും കോളജും ലൈബ്രറിയും എല്ലാം സസൂക്ഷ്മം അദ്ദേഹം വീക്ഷിച്ചു. 1845ൽ ജർമനിയിലേക്കു തിരിച്ചുപോയ അദ്ദേഹം 1847ൽ തലശ്ശേരിയിൽ തിരിച്ചെത്തി.

നിരന്തരമുള്ള പ്രഭാഷണങ്ങളും യാത്രയും വായനയും പഠനവും നിമിത്തം ശാരീരികാസ്വാസ്ഥ്യം കഠിനമാവുകയും അദ്ദേഹത്തിന്റെ സംസാരശേഷി നഷ്ടമാവുകയും ചെയ്തു. എന്നാൽ എല്ലാ വൈഷമ്യതകളെയും മറന്ന് തന്റെ ഉദ്യമത്തിൽ അങ്ങേയറ്റം ആത്മാർത്ഥതയോടെ വ്യാപൃതനായ ഗുണ്ടർട്ട്, 1852ൽ ബാസൽ മിഷന്റെ ഇന്ത്യയിലെ ജനറൽ സെക്രട്ടറിയായി നിയോഗിക്കപ്പെട്ടു. വിദ്യാഭ്യാസമേഖലയ്ക്കു നല്കിയ സംഭാവനകൾ പരിഗണിച്ച് 1856ൽ മദ്രാസ് സർക്കാർ അദ്ദേഹത്തെ മലബാറിലെ സ്കൂൾ ഇൻസ്പെക്ടറായും നിയമിച്ചു. എന്നാൽ ആരോഗ്യം പൂർണമായും ക്ഷയിച്ചതിനെത്തുടർന്ന് 1859 ഏപ്രിൽ 12ന് അദ്ദേഹം ജർമനിയിലേക്കു മടങ്ങി. മലയാളനാടിനോടുള്ള എന്നെന്നേയ്ക്കുമായ വിടപറയലായിരുന്നു അത്.

### ഗുണ്ടർട്ടിന്റെ പ്രസിദ്ധീകരണങ്ങളും കൃതികളും

- രാജ്യസമാചാരം, പശ്ചിമോദയം *(വാർത്താപത്രങ്ങൾ)*.
- വേദോപദേശം, കേരളോല്പത്തി, സഞ്ചാരികളുടെ പ്രയാണം, ക്രിസ്തു മഹാത്മ്യം, വജ്രസൂചി, ബൈബിൾ *(വിവർത്തനങ്ങൾ)*.
- പഴഞ്ചൊൽമാല, നളചരിതസാര ശോധന, കേരളപ്പഴമ, മലയാള വ്യാകരണ ചോദ്യോത്തരം, ഗ്രാമർ ഓഫ് ദി മലയാളം, കേരള ആചാര സംക്ഷേപം, ദി കേരള മാഹത്മ്യ ഓർ കേരളോല്പത്തി *(മറ്റു കൃതികൾ)*.

രണ്ട് പതിറ്റാണ്ടത്തെ സുദീർഘവും ത്യാഗോജ്വലവുമായ പ്രവർത്തനങ്ങൾകൊണ്ട്, വിദേശിയെങ്കിലും മലയാളത്തിന്റെയും കേരളത്തിന്റെയും ചരിത്രത്തിൽ ചിരപ്രതിഷ്ഠിതനായ അദ്ദേഹം 1893 ഏപ്രിൽ 25ന് ഈ ലോകത്തോടു തന്നെ വിടപറഞ്ഞു.

14 <<

## നേരിൽ പഠിച്ച് നേരെ മറക്കുന്ന പാഠങ്ങൾ

ഒരു സംസ്ഥാനം അതിന്റെ രാഷ്ട്രീയ പരിസരങ്ങളിലേക്ക് ചുരുങ്ങിക്കൂടിയപ്പോൾ വാണിജ്യ വ്യവസായ തൊഴിൽ മേഖലകളിൽ അധ:പതനത്തിന്റെ മാറാല വീഴുകയായിരുന്നു. കേന്ദ്രത്തെ പഴിപറഞ്ഞു മുഖം രക്ഷിക്കാനുള്ള ഇടതുമുന്നണിയുടെ അടവുനയം ഇക്കുറി വലിയ പ്രയോജനം കണ്ടില്ല. ഏ.കെ.ആന്റണിയും വയലാർ രവിയും ഇ.അഹമ്മദും സംസ്ഥാനത്തെ ഇടതുസർക്കാരിന്റെ പിടിപ്പുകേടും പരസ്പരമുള്ള പാലംവലികളും തൊഴുത്തിൽകുത്തും മൂലം സംസ്ഥാനത്തിന് വികസന കാര്യങ്ങളിലും മറ്റും ഉണ്ടായ നികത്താനാകാത്ത നഷ്ടവും എല്ലാം വസ്തുനിഷ്ഠമായി അക്കമിട്ടു നിരത്തുകയായിരുന്നു. ബാക്കിയുള്ളത് പ്രധാനമന്ത്രി ഡോ.മൻമോഹൻസിംഗ് എറണാകുളത്തും കോഴിക്കോട്ടുമായി വാരിവിതറി.

കേരളത്തിന്റെ സമീപനഗരങ്ങളായ കോയമ്പത്തൂർ, മംഗലാപുരം, കന്യാകുമാരി എന്നിവിടങ്ങളിൽ വ്യവസായങ്ങൾ എങ്ങനെവന്നുവെന്നായിരുന്നു പ്രധാനമന്ത്രിയുടെ ന്യായമായ സംശയം. ഹരിതവിപ്ലവത്തിനും കമ്പ്യൂട്ടർവത്ക്കരണത്തിനും നേരെ മുഖം തിരിച്ച്, ചരിത്രത്തിന്റെ തെറ്റായ വഴിയിൽ നീങ്ങിയ ഇടതുപക്ഷത്തിന്റെ പിന്നോട്ടു പോക്കിനെയും വരട്ടുതത്ത്വവാദത്തെയും അപഹസിക്കാനും അദ്ദേഹം മറന്നില്ല.

പൊതുവേദിയിലെ ജനകീയ വിചാരണ യാഥാർത്ഥ്യങ്ങൾക്ക് സ്ഥിരീകരണം ലഭിക്കാൻ വേണ്ടിയുള്ളതായിരുന്നു. ഉത്തരത്തിനായി തപ്പിത്തടയുന്ന ദൈന്യത അനുവദനീയമല്ലെന്നറിയിക്കും വിധം സ്ഥാനാർത്ഥിയുടെ പാററവുകാർ ചോദ്യകർത്താവിനെ കായികമായി നേരിട്ട സംഭവവുമുണ്ട്. മനോരമ ന്യൂസിന്റെ 'വോട്ടുവണ്ടി' ഇതിന്റെ നേർകാഴ്ച പകർത്തുകയുണ്ടായി. കാര്യങ്ങളറിയാൻ മാത്രം തയ്യാറെടുപ്പുമായി വന്നവർക്കു മുന്നിൽ പതറിപ്പോയവർ, പരിഭ്രമിച്ചവർ; ചിലതെല്ലാം നേരിൽ പഠിക്കുകയായിരുന്നു. ജയിച്ചുവന്നാൽ മറക്കാനായുള്ള നല്ല പാഠങ്ങൾ.

'ആൾക്കൂട്ടം' നോവലിലെ പ്രൊഫസർ പറയുന്നത് ചിലരെങ്കിലും ഓർമിക്കുന്നുണ്ടാവും; അസാമാന്യമായ ബുദ്ധിയോ, അമാനുഷികമായ കഴിവുകളോ അല്ല മനുഷ്യനെ മഹാനാക്കുന്നത്. ഏതു വിഡ്ഢിക്കും ആചരിക്കുവാൻ കഴിയുന്ന ചില ഗുണങ്ങളുണ്ട്. ആത്മാർത്ഥത, ധീരത തുടങ്ങിയവ. ഇവയാണ് മനുഷ്യനെ മഹാനാക്കുന്നത്; സ്വതന്ത്രനും. രണ്ടുമില്ലാത്തവരുടെ ചുമലുകൾ നമ്മുടെ മൗലികാവകാശത്തിന്റെ ഭാരമേന്തുമ്പോൾ അവർക്കുംമുമ്പേ പലതും മറക്കാൻ നമ്മളും ശീലിക്കുന്നു.

> കേന്ദ്രത്തെ പഴിപറഞ്ഞു മുഖം രക്ഷിക്കാനുള്ള ഇടതുമുന്നണിയുടെ അടവുനയം ഇക്കുറി വലിയ പ്രയോജനം കണ്ടില്ല. ഏ.കെ.ആന്റണിയും വയലാർ രവിയും ഇ.അഹമ്മദും സംസ്ഥാനത്തെ ഇടതുസർക്കാരിന്റെ പിടിപ്പുകേടും പരസ്പരമുള്ള പാലംവലികളും തൊഴുത്തിൽകുത്തും മൂലം സംസ്ഥാനത്തിന് വികസന കാര്യങ്ങളിലും മറ്റും ഉണ്ടായ നികത്താനാകാത്ത നഷ്ടവും എല്ലാം വസ്തുനിഷ്ഠമായി അക്കമിട്ടു നിരത്തുകയായിരുന്നു. ബാക്കിയുള്ളത് പ്രധാനമന്ത്രി ഡോ.മൻമോഹൻസിംഗ് എറണാകുളത്തും കോഴിക്കോട്ടുമായി വാരിവിതറി. കേരളത്തിന്റെ സമീപനഗരങ്ങളായ കോയമ്പത്തൂർ, മംഗലാപുരം, കന്യാകുമാരി എന്നിവിടങ്ങളിൽ വ്യവസായങ്ങൾ എങ്ങനെവന്നുവെന്നായിരുന്നു പ്രധാനമന്ത്രിയുടെ ന്യായമായ സംശയം. ഹരിതവിപ്ലവത്തിനും കമ്പ്യൂട്ടർവത്ക്കരണത്തിനും നേരെ മുഖം തിരിച്ച്, ചരിത്രത്തിന്റെ തെറ്റായ വഴിയിൽ നീങ്ങിയ ഇടതുപക്ഷത്തിന്റെ പിന്നോട്ടു പോക്കിനെയും വരട്ടുതത്ത്വവാദത്തെയും അപഹസിക്കാനും അദ്ദേഹം മറന്നില്ല.